# കേരള സർവകലാശാല

നം. പി.ആർ.034/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.എ സംസ്കൃതം പരീക്ഷ മാറ്റി

കേരള സർവകലാശാല ഫെബ്രുവരി 15-ന് നടത്താനിരുന്ന എം.എ സംസ്കൃതം ജനറൽ & സ്പെഷ്യൽ പരീക്ഷ ഫെബ്രുവരി 17-ന് നടത്തും. പരീക്ഷകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

### ബി.എസ്സി ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി ബോട്ടണി & ബയോടെക്നോളജി(247), ബയോകെമിസ്ട്രി & ഇൻഡസ്ട്രിയൽ മൈക്രോബയോളജി(248), ബയോടെക്നോളജി (മൾട്ടി മേജർ-350) - റഗുലർ, സപ്ലിമെന്ററി, 2013-ന് മുമ്പുള്ള അഡ്മിഷൻ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.സി.എ ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.സി.എ (2010 സ്കീം - സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിന് ഓൺലൈനായി ഫെബ്രുവരി 25 വരെ അപേക്ഷിക്കാം.

### ബി.ടെക്. സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 ജൂണിൽ നടത്തിയ ഏഴാം സെമസ്റ്റർ ബി.ടെക് (2008 - സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈനായി അപേക്ഷിച്ചവർ ഹാൾടിക്കറ്റും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുമായി ഫെബ്രുവരി 14 മുതൽ ഫെബ്രുവരി 21 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ വൈകുന്നേരം മൂന്ന് മണി മുതൽ അഞ്ച് വരെയുള്ള സമയങ്ങളിൽ ബി.ടെക് റീ വാല്യുവേഷൻ സെക്ഷനിൽ ഹാജരാകണം.

### ബി.ബി.എ പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസവിഭാഗം മാർച്ച് 27-ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.ബി.എ (2014 അഡ്മിഷൻ & 2013 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് ആറ് (50 രൂപ പിഴയോടെ മാർച്ച് എട്ട്, 250 രൂപ പിഴയോടെ മാർച്ച് 10) വരെ അപേക്ഷിക്കാം. പരീക്ഷഫീസിന് പുറമെ സി.വി. ക്യാമ്പ് ഫീസായി 200 രൂപ അടയ്ക്കണം.

### പി.ജി.ഡി.കെ.എം : സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം ഫ്യൂച്ചേഴ്സ് സ്റ്റഡീസ് പഠനവകുപ്പ് നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ നോളജ് മാനേജ്മെന്റ് (പി.ജി.ഡി.കെ.എം - 2016-17) കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ അനുബന്ധ രേഖകളുമായി ഫെബ്രുവരി 17 രാവിലെ 11 മണിയ്ക്ക് കാര്യവട്ടം ഫ്യൂച്ചേഴ്സ് സ്റ്റഡീസ് പഠനവകുപ്പിൽ ഹാജരാകണം. മറ്റ് വിശദവിവരങ്ങൾ

വെബ്സെറ്റിൽ (www.keralauniversity.ac.in) ലഭിക്കും. ഫോൺ:0471–2305321, 9446403562

## ടെക്നീഷ്യൻ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല കാര്യവട്ടം എസ്.ഐ.സി.സി-യിൽ കരാറടിസ്ഥാനത്തിൽ ടെക്നീഷ്യൻ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത, പ്രവൃത്തി പരിചയം, മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 15 വൈകുന്നേരം 5.15 വരെ

## ബി.ടെക് പരീക്ഷ കേന്ദ്രങ്ങൾ

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക് (2008 - സ്കീം) പരീക്ഷയുടെ അപ്ലൈഡ് ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ ലാബ് പരീക്ഷ ഫെബ്രുവരി 15-ന് പൂജപ്പുര എൽ.ബി.എസ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിമനിൽ നടത്തും. മറിയൻ എഞ്ചിനീയറിംഗ് കോളേജിലെ മേൽപറഞ്ഞ ബ്രാഞ്ചിലെ വിദ്യാർത്ഥികൾക്കും കേന്ദ്രം പൂജപ്പുര എൽ.ബി.എസ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിമൻ തന്നെയാണ്.

## എം.എഡ് വൈവ

കേരള സർവകലാശാല ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എഡ് പരീക്ഷയുടെ വൈവ ഫെബ്രുവരി 20-ന് ആരംഭിക്കുന്നു. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല നാലും രണ്ടും സെമസ്റ്റർ ബി.ടെക് (2008 സ്കീം - പാർട്ട് ടൈം റീസ്ട്രക്ചേർഡ് സപ്ലിമെന്ററി) പരീക്ഷയ്ക്ക് ഓൺലൈനായ് രജിസ്റ്റർ ചെയ്യാം. പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 18 (50 രൂപ പിഴയോടെ ഫെബ്രുവരി 20, 250 രൂപ പിഴയോടെ ഫെബ്രുവരി 21) വരെ അപേക്ഷിക്കാം. 2010, 2011 അഡ്മിഷൻ വിദ്യാർത്ഥികൾ സർവകലാശാലയിൽ നേരിട്ട് അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾ വെബ്സെറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ വൈവ പരീക്ഷ

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ ആൻഡ് വീഡിയോ പ്രൊഡക്ഷൻ പരീക്ഷയുടെ വൈവ പരീക്ഷ ഫെബ്രുവരി 16-ന് കൊല്ലം എസ്.എൻ കോളേജിലും ഫെബ്രുവരി 17-ന് തോന്നക്കൽ എ.ജെ കോളേജിലും നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. ആലപ്പുഴ എസ്.ഡി.വി കോളേജിലേയും പാങ്ങോട് പൽപു കോളേജിലേയും വിദ്യാർത്ഥികൾ യഥാക്രമം കൊല്ലം എസ്.എൻ കോളേജിലും തോന്നക്കൽ എ.ജെ കോളേജിലും പരീക്ഷയ്ക്ക് ഹാജരാകണം.

## ബി.ആർക് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ ബി.ആർക് സപ്ലിമെന്ററി (2008 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എൽ.എൽ.എം ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഫെബ്രുവരി 28 വരെ അപേക്ഷിക്കാം.

## ത്രിദിന ദേശീയ സെമിനാർ.

കേരള സർവകലാശാല കാര്യവട്ടം ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി ഫെബ്രുവരി 15, 16, 17 തീയതികളിൽ ദേശീയ സെമിനാർ നടത്തുന്നു. ഫെബ്രുവരി 15 രാവിലെ 10.30-ന് പ്രമുഖ ചരിത്ര പണ്ഡിതൻ ഡോ. എം.ആർ. രാഘവ വാരിയർ സെമിനാർ ഉദ്ഘാടനം ചെയ്യും.

തിരുവനന്തപുരം.
13.02.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**